# 99 ഡോട്സ് രോഗികൾക്കുള്ള നിർദ്ദേശ പട്ടിക

| ക്രമ നമ്പർ | സൂചന | നിർദ്ദേശ ബോക്സ് |
|---|---|---|
| A | **സൗജന്യ കോളുകൾ ചെയ്യുന്നതിന്റെ പ്രാധാന്യം** | |
| 1 | ആരംഭത്തിൽ തന്നെ മരുന്ന് കവറിലെ ആരോമാർക്ക് ശ്രദ്ധിച്ച്, എല്ലാ ദിവസവും കൃത്യമായി മരുന്ന് കഴിക്കുക. | ☐ |
| 2 | മരുന്ന് കഴിച്ച ദിവസം തന്നെ മരുന്ന് കവറിലെ സൗജന്യ നമ്പറിലേക്ക് വിളിക്കുക. | ☐ |
| 3 | രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ നിന്ന് എല്ലാ ദിവസവും നിർബന്ധമായും സൗജന്യ കോൾ വിളിക്കേണ്ടതാണ്.<br>'താങ്ക്യു' മെസ്സേജ് കിട്ടുന്നതു വരെ ഫോൺ കട്ട് ചെയ്യരുത്. | ☐ |
| 4 | സൗജന്യ നമ്പറിന്റെകൂടെ '0', '91' എന്നിവ ചേർക്കരുത്. റോമിങ്ങ് ചാർജ സൗജന്യ കോളിന് ബാധകമല്ല. ഫോണിൽ ബാലൻസ് ഇല്ലെങ്കിൽ പോലും സൗജന്യ കോൾ ചെയ്യാവുന്നതാണ്. | ☐ |
| 5 | രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ നിന്ന് തന്നെ കോൾ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ മാറിയാൽ ഉടൻ തന്നെ സ്റ്റാഫിനേ അറിയിക്കേണ്ടതാണ്. | ☐ |
| 6 | രണ്ട് കവറിൽ നിന്നും മരുന്ന് കഴിക്കുകയാണെങ്കിൽ പുതിയ കവറിലെ നമ്പറിൽ നിന്നും കോൾ ചെയ്യേണ്ടതാണ്. | ☐ |
| 7 | നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ സുരക്ഷിതമായിരിക്കും. അതുപോലെ തന്നെ നിങ്ങളുടെ ഫോൺ നമ്പർ ആരോഗ്യ വകുപ്പിലെ ജീവനക്കാരുമായി മാത്രമേ പങ്കു വയ്ക്കുകയുള്ളു. | ☐ |
| 8 | ടി.ബി.ചികിത്സ ആറു മാസമാണെന്ന് ബോധം നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. ഓരോ സ്ട്രിപ്പ് ഗുളികയും കഴിച്ച് തീർന്ന ഉടനെ തന്നെ ഞങ്ങളെ സമീപിക്കേണ്ടതാണ്. | ☐ |
| B | **ആദ്യ ഡോസ് മരുന്ന് എടുക്കുന്ന വിധം** | |
| 9 | ആദ്യ ഡോസ് സ്റ്റാഫിന്റെ നിരീക്ഷണത്തിൽ തന്നെ കൊടുക്കുകയും ഉടൻ തന്നെ സൗജന്യ കോൾ ചെയ്യേണ്ടതാണ്. താങ്ക്യു മെസ്സേജ് വരുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക. | ☐ |
| | **കുറിപ്പ്** | |
| | സൗജന്യ കോൾ ചെയ്തില്ലെങ്കിൽ നിങ്ങളെ മരുന്ന് കഴിക്കുവാൻ ഓർമ്മപ്പെടുത്തുന്ന മെസ്സേജ് വരുന്നതാണ്. എന്നിട്ടും മരുന്ന് കഴിക്കാതിരിക്കുകയോ കോൾ ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത സന്ദേശം ജീവനക്കാർക്ക് കിട്ടുകയും, ജീവനക്കാർ മരുന്ന് കഴിക്കാത്തതിന്റെ കാരണം അന്വേഷിക്കുകയും ചെയ്യുന്നതാണ്. | |
| | ദിവസേന മരുന്നെടുത്ത് കോൾ ചെയ്യുകയാണെങ്കിൽ നിങ്ങൾ കൃത്യമായി മരുന്ന് കഴിക്കുന്നുണ്ടെന്ന് സന്ദേശം ഡോക്ടർക്കും ജീവനക്കാർക്കും അറിയാൻ കഴിയും. എല്ലാ ഡോസും കൃത്യമായി എടുത്താൽ രോഗം മാറുന്നതാണ്. | |